(ഡി) ഒഴിവുകൾ താഴെപ്പറയുന്നു:

| | | |
|---|---|---|
| എ. ഇ. (ഇല.) | .. | 292 |
| എസ്. ഇ. (ഇല.) | .. | 597 |
| എൽ. ഡി. ടൈപ്പിസ്റ്റ് | .. | 5 |
| ലൈൻമാൻ | .. | 1676 |
| ഇല. വർക്കർ | .. | 802 |
| സി. എ./എ. എഫ്. ഒ. | .. | 53 |
| ഓവർസിയർ (ഇല.) | .. | 1240 |
| മീറ്റർ റീഡർ | .. | 1096 |

നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അത്തരത്തിലുള്ള നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(എഫ്) വ്യവസായ തൊഴിൽ ബന്ധം സുദൃഢമായി നിലനിർത്തുന്നതിന് മാനേജ്മെന്റും തൊഴിലാളി സംഘടനകളും തമ്മിൽ ചർച്ചകൾ നടത്താറുണ്ട്.

## കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ

10 [5966] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സർക്കാർ ഭാഗത്ത് നിന്നുണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ, ബി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ കല്ലൂർക്കാട് 400 കെ. വി. സബ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിൽ ഇല്ല. കേരളത്തിൽ 400 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം നടത്തുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് ആണ്. എറണാകുളം ജില്ലയിൽ 400 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

## കോഴിക്കോട് ജില്ലയിലെ ഇലക്ട്രിക് സെക്ഷനുകൾ

11 [5967] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട മുതലായ പഞ്ചായത്തുകൾ ഏതൊക്കെ സെക്ഷനുക ളുടെ അധികാര പരിധിയിൽ വരുന്നതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ മേജർ സെക്ഷന്റെ സംവിധാനങ്ങൾ ഉള്ള സെക്ഷൻ എത്ര;

(സി) ഓരോ സെക്ഷനിലുമുള്ള ജീവനക്കാരുടെ തസ്തിക എത്ര എന്നും അതിൽ സ്ഥിരം തസ്തികകൾ എത്രയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ)

| പഞ്ചായത്ത് | | സെക്ഷൻ |
|---|---|---|
| എലത്തൂർ | .. | എരഞ്ഞിക്കൽ |
| തലക്കളത്തൂർ | .. | കക്കോടി, അത്തോളി |
| അത്തോളി | .. | അത്തോളി |
| ഉള്ളിയേരി | .. | അത്തോളി |
| ബാലുശ്ശേരി | .. | ബാലുശ്ശേരി |
| പനങ്ങാട് | .. | ബാലുശ്ശേരി |

(ബി) മേജർ സെക്ഷനുകൾ നിലവിലില്ല. ബന്ധപ്പെട്ട സബ് ഡിവിഷനിലെ അസിസ്റ്റന്റ്, എക്സിക്യൂട്ടീവ് എൻജിനീയർ ഓരോ സെക്ഷനിലുമെത്തി വേണ്ടതായ നടപടികൾ നടത്തുന്നതുകൊണ്ട് എല്ലാ സെക്ഷനുകളിലും, ഒരേ തരത്തിലുള്ള സംവിധാനമാണിപ്പോൾ നിലവിലുള്ളത്.

(സി)

| സെക്ഷൻ | | തസ്തിക | സ്ഥിരം തസ്തിക |
|---|---|---|---|
| എരഞ്ഞിക്കൽ | .. | 31 | 31 |
| കക്കോടി | .. | 49 | 49 |
| അത്തോളി | .. | 45 | 45 |
| ബാലുശ്ശേരി | .. | 53 | 53 |

## ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി എ. ഡി. ബി. വായ്പ

12 [5968] ഡോക്ടർ തോമസ് ഐസക്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി എ. ഡി. ബി. വായ്പ എടുക്കാൻ സർക്കാർ അന്തിമമായി തീരുമാനം എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly